"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി – 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.അബ്ദുറഹിമാൻ മൂസ്സ പാണംപറവൻ ഹൗസ്, ആറളം അംശം, കണ്ണൂർ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു

---

**വ്യവസായ (എ)വകുപ്പ്**

സ.ഉ.(സാധാ) നം.588/2026/ID തീയതി,തിരുവനന്തപുരം, 20-05-2026

---

പരാമർശം:-
1. ജിയോളജിസ്റ്റിന്റെ 04.11.2025 തീയതിയിലെ DOKAN/DMG/27/2024-M നമ്പർ ഡിമാന്റ് നോട്ടീസ്
2. ശ്രീ.അബ്ദുറഹിമാൻ മൂസ്സ പാണംപറവൻ ഹൗസ്, ആറളം അംശം, കണ്ണൂർ- 670704 സമർപ്പിച്ച അപ്പീൽ ഹർജി
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 14.05.2026 തീയതിയിലെ ഡിഎംജി/524/2026-എം3 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ കിഴൂർ വില്ലേജിലെ റിസർവ്വെ നമ്പർ 63/1-ൽ പ്പെട്ട ഹർജിക്കാരന്റെ കൈവശത്തിലുള്ള സ്ഥലത്തു നിന്നും അനധികൃതമായി ചെങ്കല്ല് ഖനനം നടത്തിയതായി സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിരുന്നതാണെന്നും മേപ്പടി സ്ഥലത്തു നിന്നും ചെങ്കല്ല് ഖനനം നടത്തുന്നതിനും കടത്തുന്നതിനും 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ പട്ടങ്ങളിൽ നിഷ്കർഷിക്കുന്ന ഖനനാനുമതികളോ, പാരിസ്ഥിതികാനുമതിയോ സ്ഥലമുടമകൾ സമ്പാദിക്കാതെ അനധികൃതമായി ഖനനം ചെയ്ത് നീക്കിയ 1940 ക്യൂബിക് മീറ്റർ (4850 മെട്രിക് ടൺ)ചെങ്കല്ലിനു റോയൽറ്റിയിനത്തിൽ 232800/രൂപയും (ടണ്ണിന് 48 രൂപ നിരക്കിൽ), വിലയിനത്തിൽ 931200/രൂപയും(റോയൽറ്റിയുടെ നാലു മടങ്ങ്) പിഴ ഇനത്തിൽ 100000/(ഒരു ലക്ഷം) രൂപയും ചേർത്ത് ആകെ 12,64,000/(പന്ത്രണ്ടു ലക്ഷത്തി അറുപത്തി നാലായിരം) രൂപ സർക്കാരിലേക്ക് ഒടുക്കേണ്ടതായിട്ടുണ്ട് എന്നറിയിച്ചുകൊണ്ട് കണ്ണൂർ ജിയോളജിസ്റ്റ് 04/11/2025 തീയതിയിൽ നൽകിയ ഡിമാന്റ് നോട്ടീസിനെതിരെ ശ്രീ.അബ്ദുൾ റഹിമാൻ സർക്കാരിൽ സമർപ്പിച്ച അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി **27/03/2026-ന്** നടത്തിയ ഹിയറിംഗിൽ അപ്പീൽ

കക്ഷിയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുക്കുകയുണ്ടായി.

2. തന്റെ ഭൂമിയിൽ നിന്ന് ചെങ്കല്ല് ഖനനം ജിയോളജി വകുപ്പിൽ നിന്ന് അനുമതി കരസ്ഥമാക്കി നടത്തണമെന്ന നിബന്ധനയിൽ താൻ ശ്രീ. ചന്ദ്രനുമായി കരാറിൽ ഏർപ്പെട്ടിരുന്നതായി അപ്പലന്റ് അറിയിച്ചു. എന്നാൽ ആ വ്യക്തി അനുമതി വാങ്ങിയിരുന്നില്ല.2023-ലെ **കേരള മൈനർ മിനറൽ കൺസെഷൻ (KMMC)** ചട്ടങ്ങളിലെ ഭേദഗതിക്ക് മുമ്പാണ് ഖനനം നടന്നതെന്നും, നിലവിലെ നിരക്കനുസരിച്ച് ജിയോളജിസ്റ്റ് നിശ്ചയിച്ച പിഴ ശരിയല്ലെന്നും അതിനാൽ ഭേദഗതിക്ക് മുമ്പ് നിലവിലിരുന്ന നിരക്കനുസരിച്ച് അതായത് ടണ്ണിന് 24 രൂപ നിരക്കിൽ പുതുക്കിയ ഡിമാൻഡ് നോട്ടീസ് നൽകാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകണമെന്നും അപ്പീൽ കക്ഷി ആവശ്യപ്പെട്ടു.

4. അപ്പീൽ ഹർജിയിൽമേൽ മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ കീഴൂർ വില്ലേജിൽ, അപ്സര ബേക്കറിയോട് ചേർന്ന് ശ്രീ. അബ്ദുറഹിമാൻ, ദാറുൽ അമാൻ, ആറളം പോസ്റ്റ്, കണ്ണൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തു നിന്നും 2870 ക്യൂബിക് മീറ്റർ ചെങ്കല്ല് അനധികൃതമായി ഖനനം നടത്തിയതായും, 930 ക്യൂബിക് മീറ്റർ ചെങ്കല്ല് കൂട്ടിയിട്ടതായും 06/12/2023 തീയതിയിൽ കണ്ണൂർ ജില്ലാ ഓഫീസിൽ നിന്നും നടത്തിയ സ്ഥല പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതും പരിശോധനസമയത്ത് മഹസ്സർ തയ്യാറാക്കിയിട്ടുള്ളതുമാണ്. 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 108 (2) വ്യക്തിക്കെതിരെ പ്രകാരവും 1957ലെ മൈൻസ് ആൻ്റ് മിനറൽസ് (ഡെവലെപ്മെന്റ് ആൻ്റ് റെഗുലേഷൻ) ആക്ടിലെ സെക്ഷൻ 4 പ്രകാരമുള്ള നടപടിയുടെ ഭാഗമായി അനധികൃത ധാതു ഖനനത്തിന് സ്ഥലമുടമക്കെതിരെ/ഖനനം നടത്തിയ വ്യക്തിക്കെതിരെ തുടർനടപടി സ്വീകരിക്കുന്നതിലേക്ക് സ്ഥലമുടമയ്ക്ക് ജില്ലാ ഓഫീസിൽ നിന്നും 06/12/2023 തീയതിയിൽ സ്റ്റോപ്പ് മെമ്മോ നൽകുകയുണ്ടായി. എന്നാൽ സ്ഥലമുടമ ജില്ലാ ഓഫീസിൽ ഹാജരാകാത്തതിനാൽ 01/09/2025 തീയതിയിൽ വീണ്ടും കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നതുമാണ്. ആയതിനു സ്ഥലമുടമയായ ശ്രീ.അബ്ദുറഹിമാൻ മുസ്ല പാണമ്പ്രോൻ ഹൗസ്, ആറളം, കണ്ണൂർ ജില്ലാ ഓഫീസിൽ ഹാജരാകുകയോ കാരണം കാണിക്കൽ നോട്ടീസിന് മറുപടി നൽകുകയോ, അനധികൃത ഖനന കുറ്റം പിഴ അടച്ചു രാജിയാക്കുകയോ ചെയ്യാത്തതിനാൽ ഊർനടപടിയുടെ ഭാഗമായി കീഴൂർ വില്ലേജിലെ റീസർവ്വേ നമ്പർ 63/1 ൽ പെട്ട സ്ഥലത്തു നിന്നും അനധികൃതമായി ഖനനം നടത്തിയ ചെങ്കല്ലിന്റെ അളവിൽ നിന്നും ടി സ്ഥലത്ത് കൂട്ടിയിട്ടിരിക്കുന്ന മണ്ണിൻ്റെയും പാഴായിപോയ കല്ലിന്റെയും അളവ് (930 ക്യൂബിക് മീറ്റർ) കുറവ് ചെയ്ത ബാക്കി വരുന്ന 1940 ക്യുബിക് മീറ്റർ (4850 മെടിക് ടൺ) ചെങ്കല്ലിനു റോയൽറ്റി ഇനത്തിൽ 2,32,800/- രൂപയും (റോയൽറ്റി 48 രൂപ നിരക്കിൽ) വില ഇനത്തിൽ (റോയൽറ്റിയുടെ നാല് മടങ്ങ്) 9,31,200/-രൂപയും കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ 1,00,000/-രൂപയും ഉൾപ്പെടെ ആകെ 12,64,000/-രൂപ (പന്ത്രണ്ട് ലക്ഷത്തി അറുപത്തി നാലായിരം) സർക്കാരിലേക്ക് അടവാക്കുന്നതിനു 04/11/2025 തീയതിയിൽ ഡിഒകെഎഎൻ-ഡിഎംജി (27/2024-എം നമ്പറായി കണ്ണൂർ ജില്ലാ മിനറൽ സ്ക്വാഡ് ഓഫീസിൽ നിന്നും ഡിമാൻഡ് നോട്ടീസ് നൽകിയിരുന്നതുമാണ്. അനധികൃത ഖനനം

ബോദ്ധ്യപ്പെട്ട കാലയളവ് 19/12/2024 തിയ്യതിയിലെ സ.ഉ(കൈ) നം. 64/2024/ഐഡി സർക്കാർ ഉത്തരവ് പ്രകാരം റോയൽറ്റി പുനർനിർണ്ണയിക്കുന്നതിന് മുമ്പ് ആയതിനാൽ റോയൽറ്റി നിരക്ക് ടണ്ണിന് 48/-രൂപ പ്രകാരമാണ് കണക്കാക്കിയിട്ടുള്ളത്. ജില്ലാ മിനറൽ സ്ക്വാഡ് ജിയോളജിസ്റ്റ് അനധികൃതമായി ഖനനം ചെയ്ത ചെങ്കല്ലിന്റെ അളവിൽ നിന്നും (2870 ക്യൂബിക് മീറ്റർ) ടി സ്ഥലത്ത് കൂട്ടിയിട്ടിരിക്കുന്ന മണ്ണിന്റെയും പാഴായിപോയ കല്ലിന്റെയും അളവ് (930 ക്യൂബിക് മീറ്റർ) കുറവ് ചെയ്താണ് നിയമനടപടി സ്വീകരിച്ചിട്ടുള്ളത്.

അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്ത് നീക്കിയ കുറ്റം തീർപ്പാക്കാത്തതിനാൽ നിയമ പ്രകാരമുള്ള തുടർനടപടിയാണ് ജില്ലാ ഓഫീസിൽ നിന്നും സ്വീകരിച്ചിട്ടുള്ളത്. കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ കീഴൂർ വില്ലേജിൽ റീസർവ്വേ നമ്പർ 63/1ൽപെട്ട സ്ഥലത്ത് നിന്നും അനുമതികൾ കരസ്ഥമാക്കാതെയാണ് ഖനനം നടത്തിയിട്ടുള്ളതെന്നു ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. 1957-ലെ മൈൻസ് & മിനറൽസ് (ഡെവലപ്മെന്റ് & റഗുലേഷൻ ) ആക്ട്, (തുടർന്നുള്ള ഭേദഗതികളും), സെക്ഷൻ 21 (5) പ്രകാരം അനധികൃതമായി ഖനനം ചെയ്ത ധാതുവിന്റെ റോയൽറ്റി, വില തുടങ്ങിയവ സ്ഥലമുടമസ്ഥനായ ശ്രീ. അബ്ദുൾ റഹിമാൻ മൂസ്സ എന്നവർ സർക്കാരിലേക്ക് അടവാക്കുവാൻ ബാദ്ധ്യസ്ഥനാണ്. ഈ സാഹചര്യത്തിൽ ടിയാൻറെ അപേക്ഷ തള്ളികളഞ്ഞ് സർക്കാരിനുണ്ടായ നഷ്ടം ടിയാനിൽ നിന്നും ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഉത്തരവാകേണ്ടതാണ്.

6. അപ്പീൽ അധികാരി ഈ വിഷയം പരിശോധിച്ചു.06/12/2023-ൽ ജിയോളജി വകുപ്പ് നടത്തിയ പരിശോധനയിൽ അപ്പീൽ കക്ഷി തന്റെ ഭൂമിയിൽ നിന്ന് ധാതുക്കൾ ഖനനം ചെയ്യുന്നതിനും നീക്കം ചെയ്യുന്നതിനും ജിയോളജി വകുപ്പിൽ നിന്ന് അനുമതി കരസ്ഥമാക്കാതെ ചെങ്കല്ല് അനധികൃതമായി ഖനനം നടത്തി നീക്കം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്.കൂടാതെ കെ.എം.എം.സി ചട്ടങ്ങൾ 2023-ൽ ഭേദഗതി ചെയ്തതിന് ശേഷമാണ് ഈ അനധികൃതഖനനം നടത്തിയതെന്നും വ്യക്തമാണ്.അനധികൃതമായി ഖനനം ചെയ്ത ചെങ്കല്ലിന്റെ അളവിൽ നിന്നും (2870 ക്യുബിക് മീറ്റർ) ടി സ്ഥലത്ത് കൂട്ടിയിട്ടിരിക്കുന്ന മണ്ണിന്റെയും പാഴായിപോയ കല്ലിന്റെയും അളവ് (930 ക്യൂബിക് മീറ്റർ) കുറവ് ചെയ്താണ് നിയമനടപടി സ്വീകരിച്ചിട്ടുള്ളത്.ഈ സാഹചര്യത്തിൽ ജിയോളജിസ്റ്റ് തിട്ടപ്പെടുത്തിയ അനധികൃത അളവിന് കെ.എം.എം.സി ചട്ടം 108(2) പ്രകാരം ഖനനം നടത്തിയ കാലഘട്ടത്തിൽ നിലനിന്നിരുന്ന നിരക്ക് പ്രകാരമുള്ള പെനാൽറ്റി ഒടുക്കുവാൻ അപ്പീൽ കക്ഷി ബാദ്ധ്യസ്ഥനാണ്.ആയതിനാൽ , പരാമർശം (1) പ്രകാരം 04/11/2025-ൽ ജിയോളജിസ്റ്റ് പുറപ്പെടുവിച്ച ഡിമാൻഡ് നോട്ടീസ് നിലനിർത്തിക്കൊണ്ട് പരാമർശം (2) പ്രകാരമുള്ള അപ്പീൽ ഹർജി തീർപ്പാക്കിയും പ്രസ്തുത ഡിമാൻഡ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ തുടർനടപടികളുമായി മുന്നോട്ട് പോകാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

ശ്രീ.അബ്ദുറഹിമാൻ മൂസ്സ പാണംപറവൻ ഹൗസ്, ആറളം അംശം, കണ്ണൂർ- 670704

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.
ജില്ലാ ജിയോളജിസ്റ്റ്, കണ്ണൂർ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 20-05-2026 16:44:34